പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6240 — 10.07.2012 ൽ മറുപടിയ്ക്ക്

## ഐ.കെ.എം. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ഡോ: എം. കെ. മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) ഐ. കെ. എം. ജീവനക്കാർക്ക് ആർജ്ജിതാവധി ലഭിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആർജ്ജിത അവധി ലഭിക്കുന്നതിനും അവധി സറണ്ടർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നകാര്യം പരിഗണിക്കുമോ; | എ) | ഐ. കെ. എം. ജീവനക്കാർക്ക് ആർജ്ജിത അവധിയും അവധി സറണ്ടർ ആനുകൂല്യവും അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| ബി) ആർജ്ജിത അവധി എടുത്ത ജീവനക്കാർ ഐ. കെ. എം. ൽ നിന്ന് പിരിഞ്ഞ് പോകുമ്പോൾ അവധി എടുത്ത കാലയളവിലെ വേതനം തിരിച്ചടയ്ക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) | ഐ. കെ. എം. ലെ ജീവനക്കാർക്ക് സർക്കാർ ആർജ്ജിത അവധി അനുവദിച്ചിട്ടില്ലാത്തതിനാൽ ആർജ്ജിത അവധി എടുത്ത ജീവനക്കാർ പിരിഞ്ഞു പോകുമ്പോൾ അവധി എടുത്ത കാലയളവിലെ വേതനം തിരിച്ചു പിടിക്കാറുണ്ട്. |
| സി) 2006 -നു ശേഷം ഐ. കെ. എം. ൽ നിന്ന് എത്ര ജീവനക്കാർ പിരിഞ്ഞു പോയിട്ടുണ്ട്; എത്ര പേരുടെ ശമ്പളം ഇത്തരത്തിൽ തിരിച്ചു പിടിച്ചിട്ടുണ്ട് എന്നും എത്ര പേരുടെ ശമ്പളം തിരിച്ചു പിടിച്ചിട്ടില്ല എന്നും വ്യക്തമാക്കാമോ? | സി) | 2006 -നു ശേഷം ഐ. കെ. എം. ൽ നിന്നും 293 ജീവനക്കാർ പിരിഞ്ഞു പോയിട്ടുണ്ട്. ഐ. കെ. എം.ന്റെ അനുമതിയോടുകൂടി സ്ഥാപനത്തിൽ നിന്നും പിരിഞ്ഞുപോയ 5 ജീവനക്കാരുടെ ആർജ്ജിത അവധി തിരിച്ചു പിടിച്ചിട്ടുണ്ട്. എന്നാൽ ഐ. കെ. എം. ന്റെ അനുമതിയില്ലാതെ സ്വയം രാജി വച്ച് പോയവരുടെയും അനധികൃതമായി ജോലിക്ക് പുറത്തു പോയവരുടെയും ആർജ്ജിതാവധി തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ